# കണ്ണുകളെ പറ്റിക്കുന്ന കച്ചവടക്കണ്ണുകൾ

പ്രവീൺചന്ദ്ര

ഈയിടെയായി ടി.വി കമ്പനിക്കാർ പണ്ടൊന്നുമില്ലാത്ത വിധം കാഴ്ചക്കാരുടെ കണ്ണിന്റെ ആരോഗ്യത്തിൽ തത്പരരായിരിക്കുകയാണ്. ഫിലിപ്സിന്റെ പുതിയ മോഡലായ ഐ-ഫൈ സീരീസ്, L. G. ഗോൾഡൻ ഐ എന്നീ ടി.വികളാണ് കാഴ്ചക്കാരുടെ കണ്ണിന്റെ ആയാസം ലഘൂകരിക്കുന്ന സാങ്കേതികവിദ്യകൾ പരസ്യം ചെയ്തു തുടങ്ങിയത്.

L. G. ടി.വി മുറിയിലെ വെളിച്ചത്തിന് ആനുപാതികമായി ടി.വിയുടെ കോൺട്രാസ്റ്റ്, തെളിച്ചം തുടങ്ങിയവ സ്വയം ക്രമീകരിക്കുമെന്ന് പരസ്യം ചെയ്യുന്നു. ഇതിനായി പുതിയ ഒരു ചിപ്പ് അതിൽ ഘടിപ്പിച്ചിട്ടുണ്ടത്രേ. സത്യത്തിൽ ഇവ കണ്ണിന്റെ ആയാസം ലഘൂകരിക്കുന്ന ഒരു പ്രധാന ഘടകമല്ല. മാത്രമല്ല ഇവ മാന്വലായി ക്രമീകരിക്കാനുള്ള സംവിധാനം ഇപ്പോൾ എല്ലാ ടി.വികളിലുമുണ്ട്. മുറിയിലെ വെളിച്ചത്തിനനുസരിച്ച് കാര്യമായൊരു മാറ്റം ഇതിൽ വരുത്തേണ്ടതുമില്ല. (ചെറിയ മാറ്റങ്ങൾ ആവശ്യമാണ് ചിത്രത്തിന് മിഴിവില്ലാതാകുമ്പോൾ നാം ചെയ്യുന്നതു തന്നെയാണ് ഈ മാറ്റം)

സ്വീകരിക്കപ്പെടുന്ന സിഗ്നൽ 2 മുതൽ 3 ശതമാനം വരെ വർദ്ധിപ്പിച്ച് കണ്ണിന്റെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തലാണ് ഫിലിപ്സിന്റെ സാങ്കേതികവിദ്യ. ഇത് ഇപ്പോഴത്തെ മിക്ക ടി.വികളുടേയും ഗുണങ്ങളിൽ പെടുന്നതാണെന്ന് ടി. വി സർവീസിങ്ങ് രംഗത്തെ വിദഗ്ധർ പറയുന്നു. പഴയ വീഞ്ഞിനെ പുതിയ കുപ്പിയിലേക്ക് മാറ്റിയൊഴിച്ച് വില്പന നടത്തുന്നു എന്ന് സാരം. പിച്ചർട്യൂബിൽനിന്ന് പുറപ്പെടുന്ന ഇലക്ട്രോൺ കിരണങ്ങൾ ടി. വി. സ്ക്രീനിൽ പതിച്ച് സ്ക്രീനിലെ ഫ്ലൂറസന്റ് പദാർത്ഥത്തെ തിളക്കമുള്ളതാക്കുന്നു. പിച്ചർട്യൂബ്, സ്ക്രീനിന്റെ സ്വഭാവങ്ങൾ, അതിലെ രാസപദാർത്ഥങ്ങൾ, സ്കാനിങ്ങ് നിരക്ക് തുടങ്ങിയ അടിസ്ഥാനസാങ്കേതിക വിദ്യകളൊന്നും മാറ്റാതെ കണ്ണിനെ സംരക്ഷിക്കാനായി കാണിക്കുന്ന ഈ വ്യഗ്രത പരസ്യം ചെയ്യാനുള്ള ലൈസൻസിനെ ദുരുപയോഗപ്പെടുത്തുന്ന കച്ചവടക്കണ്ണ് മാത്രമാണ്.